## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2795 13.03.2020 ൽ മറുപടിയ്ക്ക്

**ഹാരിസൺ കമ്പനി കൈവശം വച്ചിരിക്കുന്ന തോട്ടങ്ങളിൽ സർക്കാരിന്റെ ഉടമസ്ഥത**

**ചോദ്യം**

**ശ്രീ.വി.ടി.ബൽറാം**
**ശ്രീ.റോജി.എം.ജോൺ**
**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ.സണ്ണി ജോസഫ്**

**മറുപടി**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി))**

| | | |
|---|---|---|
| (എ) | ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനി കൈവശം വച്ചിരിക്കുന്ന തോട്ടങ്ങളിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിച്ചുകിട്ടാൻ സിവിൽ കോടതികളിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടോ ; | **(എ) യും (ബി) യും** - ബഹു.ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 11.04.2018ലെ WP(C)33122/2014 & Ors കേസുകളിലെ വിധിന്യായത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 06.06.2019ൽ പുറപ്പെടുവിച്ച ജി.ഒ(എം.എസ്)-172/2019/റവ നമ്പർ ഉത്തരവ് പ്രകാരം സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സിവിൽ കേസ്സുകൾ ഫയൽ ചെയ്യാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം ഹാരിസൺ മലയാളം ലിമിറ്റഡ് വിൽപ്പന നടത്തിയിട്ടുള്ളതും നിലവിൽ അയന ചാരിറ്റബിൾ ട്രസ്റ്റിന്റെ കൈവശമുള്ളതുമായ കോട്ടയം ജില്ലയിലെ ചെറുവള്ളി എസ്റ്റേറ്റിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സിവിൽ കേസ് ഫയൽ |
| (ബി) | ഇതിനകം എത്ര ജില്ലകളിൽ കളക്ടർമാർ കേസ് ഫയൽ ചെയ്തിട്ടുണ്ട് ; വിശദാംശം നൽകാമോ ; | |

| | | |
|---|---|---|
| | | ചെയ്തിട്ടുണ്ട്. മറ്റു ജില്ലകളിലും കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു. |
| (സി) | ഹാരിസൺ മലയാളം ലിമിറ്റഡും മലയാളം പ്ലാന്റേഷനും അധികമായി കൈവശം വച്ച 76000 ഏക്കർ ഭൂമിയിൽ ഉടമസ്ഥാവകാശം സ്ഥാപിച്ച് കിട്ടുവാനായി നൽകിയിട്ടുള്ള കേസുകളിൽ മേൽനോട്ടം വഹിക്കുവാൻ റവന്യൂ വകുപ്പിൽ പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി രൂപീകരിക്കാമോ; | (സി) ഇല്ല. പ്രത്യേക സെൽ രൂപീകരിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| (ഡി) | പ്രസ്തുത കേസ് നടത്തിപ്പിന് നിലവിലുള്ള സർക്കാർ അഭിഭാഷകന് പുറമെ പുറത്തുനിന്നുള്ള പ്രഗത്ഭരായ അഭിഭാഷകരുടെ ഉപദേശവും സേവനവും ഉറപ്പു വരുത്തുവാൻ നടപടി സ്വീകരിക്കാമോ? | (ഡി) ജില്ലാ ഗവൺമെന്റ് പ്ലീഡർമാരെയാണ് പ്രസ്തുത കേസുകൾ നടത്തുന്നതിനായി ചുമതലപ്പെടുത്തി-യിരിക്കുന്നത്. പുറമെ നിന്നുള്ള അഭിഭാഷകരുടെ ഉപദേശവും സേവനവും ആവശ്യമെങ്കിൽ അഡ്വക്കേറ്റ് ജനറലിന്റെ കൂടി അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ക്രമീകരണം നടത്തുന്ന കാര്യം പരിഗണിയ്ക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**